## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2441 | | 07.10.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| രാത്രികാലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്ന പ്രവണത | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പി.കെ. ശശി | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്താകമാനം രാത്രികാലങ്ങളിൽ റോഡരികിലും, നദീതീരങ്ങളിലും ജനവാസ കേന്ദ്രങ്ങളിലും വീട്ടുമാലിന്യങ്ങൾ, അറവുശാലാ മാലിന്യങ്ങൾ, കക്കൂസ് മാലിന്യങ്ങൾ , ഇലക്ട്രിക് മാലിന്യങ്ങൾ തുടങ്ങിയവ വലിച്ചെറിയുന്ന സാമൂഹ്യവിരുദ്ധ ശല്യം ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് നിയന്ത്രിക്കാൻ എന്തു നടപടിയാണ് നിലവിലുള്ളതെന്നും ഇതു സംബന്ധിച്ച നിയമവ്യവസ്ഥകളുടെ പകർപ്പും ലഭ്യമാക്കുമോ; | (ബി) | കേരള പഞ്ചായത്ത് രാജ് ആക്ട് 219 (യു) പ്രകാരം മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ പൊതുസ്ഥലത്തിലൂടെയോ പൊതുനിരത്തിലൂടെയോ കടത്തി കൊണ്ട് പോകുന്നതോ മാലിന്യം നിക്ഷേപിച്ച ശേഷം തിരികെ പോകുന്നതോ ആണെന്ന് ന്യായമായും സംശയിക്കാവുന്ന വാഹനത്തെ പഞ്ചായത്ത് സെക്രട്ടറിക്കോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥനോ സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ പിടിച്ചെടുക്കാവുന്നതും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിനുശേഷം ആധികാരിതയുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കാവുന്നതും വാഹനം കണ്ടുകെട്ടുന്ന സംഗതിയിൽ അത് ലേലം ചെയ്യുകയും തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുകയും ചെയ്യാവുന്നതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് 219 എസ്-"മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജല സ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനെതിരെ നിരോധനം" പ്രകാരം ഇപ്രകാരമുള്ള കുറ്റം കൊഗ്നൈസിബിളും ജാമ്യമില്ലാത്തതുമായിരിക്കുകയും ഈ കുറ്റം ചെയ്യുന്ന ഏതൊരാളും കുറ്റ സ്ഥാപനത്തിന്മേൽ പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തി അയ്യായിരം രൂപയിൽ കഴിയാതെയുള്ള പിഴയും, ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ സെക്ഷൻ 340 പ്രകാരം ചവറോ |

| | | | |
|---|---|---|---|
| | | | മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുകയോ ഇടുവിക്കുകയോ ചെയ്യുന്നവർക്കെതിരെ തൽസമയം തന്നെ 250 രൂപയിൽ കവിയാത്ത തുക പിഴ ശിക്ഷയായി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്തിയ പിഴത്തുക 15 ദിവസത്തിനകം മുനിസിപ്പൽ ഫണ്ടിൽ അടക്കാത്തപക്ഷം അയാളുടെ മേൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാവുന്നതാണ്. കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 340(എ) പ്രകാരം ചവറോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നത് കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായ കുറ്റമാണ്. കുറ്റം ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ 10000 രൂപയിൽ കുറയാതെയും 25000 രൂപയിൽ കവിയാതെയുമുള്ള പിഴയും, ആറുമാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേയ്ക്ക് തടവും ശിക്ഷ ലഭിക്കാവുന്നതാണ്. കേരള പഞ്ചായത്ത് രാജ് ആക്ടിന്റെയും കേരള മുനിസിപ്പാലിറ്റി ആക്ടിന്റെയും പ്രസക്തഭാഗങ്ങൾ അനുബന്ധമായി നല്കിയിരിക്കുന്നു. |
| (സി) | സംസ്ഥാനത്ത് മുൻസർക്കാരിന്റെ കാലയളവിൽ ഇത്തരം സാമൂഹ്യവിരുദ്ധരായ മാലിന്യനിക്ഷേപകരെ നിയന്ത്രിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവോ; അഞ്ചുവർഷമായി ഇക്കാര്യത്തിൽ എത്ര കേസ്സുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കുമോ; | (സി) | ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) | ഇത്തരം സാമൂഹ്യവിരുദ്ധരെ നിയന്ത്രിക്കാനും, മാലിന്യസംസ്കരണം ഫലപ്രദമാക്കാനും എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ? | (ഡി) | പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ മുൻസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് നിയമങ്ങളുടെയും മാലിന്യം നിർമ്മാർജ്ജനം സംബന്ധിച്ച് ബഹു.സുപ്രീംകോടതി കാലാകാലങ്ങളിൽ പുറപ്പെടുവിച്ച വിധിന്യായങ്ങളുടെയും അടിസ്ഥാനത്തിൽ കർശന നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനവും, അജൈവ മാലിന്യങ്ങൾ ശേഖരിച്ച് റീസൈക്കിൾ ചെയ്യുന്നതിനായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കേണ്ടതാണെന്നും 15.02.2016 ലെ സർക്കുലർ നം.82200/ഡി.സി.1/ 2014/തസ്വഭവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ